(ബി) അനുവദിച്ചവയിൽ എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു;

(സി) പ്രവർത്തനം ആരംഭിക്കാത്ത എത്ര മാവേലിസ്റ്റോറുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് ഇവ പ്രവർത്തനം ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചെണ്ണം.

(ബി),(സി)&(ഡി) മാവേലിസ്റ്റോറുകൾക്കായി ലഭിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ തീർന്നുവരുന്നതേയുള്ളൂ. അറ്റകുറ്റപണികൾ തീരുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

120 (1480) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മറ്റു പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഒരെണ്ണം വീതം തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിലും മാവേലി സ്റ്റോറില്ലാത്ത ഒരു പഞ്ചായത്തിലാണ് സ്റ്റോർ തുറക്കുന്നത്. ഇതിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ തൃക്കൊടേരി പഞ്ചായത്തിൽ തൃക്കൊടേരിയിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

121 (1481) അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അയിരൂർ പഞ്ചായത്തിൽ ചെറുകോൽപ്പുഴ ജംഗ്ഷനിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എ),(ബി)&(സി) അയിരൂർ പഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ തടങ്ങുവാൻ അനുയോജ്യമായ കെട്ടിടം സംബന്ധിച്ച ഓഫർ ലഭിച്ചിട്ടുണ്ട്. അനന്തര നടപടി ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.

122 (1482) കായംകുളത്തെ മാവേലി മെഡിക്കൽ സ്റ്റോർ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് മൂന്നുമാസം മുൻപ് ഉദ്ഘാടനം ചെയ്ത മാവേലി മെഡിക്കൽ സ്റ്റോർ വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി)ഇവിടത്തെ ഇന്നുവരെയുള്ള വിറ്റുവരവുകളെപ്പറ്റി വിശദീകരിക്കുമോ:

(സി) ഇവിടെ എത്ര ജീവനക്കാരുണ്ട്; അവരുടെ നിയമനരീതി വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 6.3.99-ൽ പ്രവർത്തനം ആരംഭിച്ച ടി മെഡിക്കൽ സ്റ്റോറിൽ 31.5.99- വരെ 4.66 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(സി) മൂന്ന് ജീവനക്കാർ.

1. ഷോപ്പ് മാനേജർ - സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്.

2. ഫാർമസിസ്റ്റ് - പത്രങ്ങളിൽ പരസ്യം ചെയ്തു ലഭിച്ച അപേക്ഷകരെ എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു.

(ഡി) 8 മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

123 (1483) കുളമ്പുരോഗം തടയാൻ നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിൽ കുളമ്പുരോഗം പിടിപെട്ട സ്ഥലങ്ങളിൽ എന്തെല്ലാം പ്രതിരോധ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗംമൂലം കന്നുകാലികൾ മരണമടഞ്ഞ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; എത്ര തുക;

(സി) ഇപ്പോഴുള്ള കാലിരോഗവിമുക്ത മേഖലാ പദ്ധതി ആഫീസുകൾ നിലവിലുള്ള സ്ഥലങ്ങളിൽത്തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly